(സി) 1993-94-ൽ പോളിടെക്നിക്കുകളായി ഉയർത്തപ്പെട്ട എട്ടു ടെക്നിക്കൽ ഹൈസ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഒരു പോളിടെക്നിക്കും സെന്റർ ഓഫ് എക്സലെൻസ് ആക്കിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) 112.27 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ലോക ബാങ്ക് സഹായത്തോടെ സാങ്കേതിക വിദ്യാഭ്യാസ പദ്ധതി

118 [3008] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക ബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ പദ്ധതി തയ്യാറാക്കിയിരുന്നോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ഈ പദ്ധതിക്കായി 2004-05-ൽ വകയിരുത്തിയ തുക എത്രയാണെന്നും അതിൽ വിനിയോഗിച്ച തുക എത്രയാണെന്നും വെളിപ്പെടുത്താമോ;

(ഡി) ഈ പദ്ധതി പൂർണ്ണമായ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ലോക ബാങ്ക് സഹായത്തോടെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഇൻഡ്യാ ഗവൺമെന്റിന്റെ പദ്ധതിയിൽ കേരളത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ദേശീയ നയങ്ങൾക്കും ആവശ്യങ്ങൾക്കും അനുസൃതമായി സംസ്ഥാന തലത്തിൽ ഏറ്റവും ഉയർന്ന ഗുണനിലവാരമുള്ള സാങ്കേതികവിദ്യ ഉറപ്പാക്കി ലോക നിലവാരമുള്ള എഞ്ചിനീയറിംഗ് പ്രൊഫഷണലുകളെ വാർത്തെടുക്കുക വഴി വ്യവസായം, ബിസിനസ് സർവ്വീസ് മേഖലകൾക്ക് ആവശ്യമായ പിൻതുണ നൽകി രാജ്യത്തെ ഒരു സാമ്പത്തിക ഊർജ്ജ ഭവനമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത സ്ഥാപനമായ കോഴിക്കോട് എൻ. ഐ. ടി. ഉൾപ്പെടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഏതാനും

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറിംഗ് കോളേജുകളെ വികസന പ്രവർത്തനങ്ങൾക്കും നിലവാരമുയർത്തുന്നതിനുമായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ 80 ശതമാനം തുക ലോക ബാങ്ക് നൽകും. ഇത് 30:70 എന്ന അനുപാതത്തിൽ ഗ്രാന്റും ലോണും ആയാണ് നൽകുന്നത്.

(സി) 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തുക വിനിയോഗിച്ചിട്ടില്ല. 7 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതു പ്രകാരം ഒരു സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിലേക്ക് തുക മാറ്റിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾക്ക് ചെലവ് നടത്തുന്നതിനാവശ്യമായ തുക അതിൽ നിന്ന് നൽകുന്നതാണ്.

(ഡി ആന്റ് ഇ) പദ്ധതി നടത്തിപ്പ് അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപക നിയമനത്തിലെ തടസ്സങ്ങൾ ഒഴിവാക്കാൻ നടപടി

119 [3009] ശ്രീ. സി. മോയിൻകുട്ടി :

,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ 2001-02, 2002-03, 2003-04, 2004-05 എന്നീ വിദ്യാഭ്യാസ വർഷങ്ങളിൽ വിവിധ ബ്രാഞ്ചുകളിലായി താല്ക്കാലിക, സ്ഥിര, ഗസ്റ്റ് ലക്ചറർ തസ്തികകളിലായി എത്ര അദ്ധ്യാപകരെ വീതം ഓരോ ബ്രാഞ്ചുകളിലും നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകരുടെ നിയമന ഉത്തരവുകളും അനുബന്ധ രേഖകളും ഗവൺമെന്റിലേക്കോ യൂണിവേഴ്സിറ്റിയിലേക്കോ നിശ്ചിത സമയത്തിനകം അയച്ച് അംഗീകാരം വാങ്ങണമെന്ന് നിബന്ധനയുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇപ്രകാരം വിവിധ ബ്രാഞ്ചുകളിൽ നിയമനം ലഭിച്ച എത്ര അദ്ധ്യാപകരുടെ നിയമന ഉത്തരവുകളും മറ്റ് അനുബന്ധ രേഖകളും ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനിലോ യൂണിവേഴ്സിറ്റിയിലോ ലഭിച്ചിട്ടുണ്ട്;

(ഡി) ഇല്ലെങ്കിൽ ഇവ ലഭ്യമാക്കാതിരിക്കാനുള്ള കാരണത്തെപ്പറ്റി വിശദമായ അന്വേഷണം നടത്തുമോ;

(ഇ) 2001-02 അദ്ധ്യയന വർഷം മുതൽ 2004-05 വരെയുള്ള 4 അദ്ധ്യയന വർഷങ്ങളിൽ നിയമിതരായ മുഴുവൻ അദ്ധ്യാപകരുടെയും നിയമന ഉത്തരവുകളും അനുബന്ധ രേഖകളും അടിയന്തിരമായി ഗവൺമെന്റിലേക്കോ, യൂണിവേഴ്സിറ്റിയിലേക്കോ ലഭ്യമാക്കാനും മാനദണ്ഡങ്ങൾക്കനുസരിച്ച് നടത്തിയ മുഴുവൻ നിയമനങ്ങൾക്കും അംഗീകാരം നൽകാനും അദ്ധ്യാപകരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യാനും നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly